**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6534** **20-03-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിവിധ സർക്കാർ സ്ഥാപനങ്ങളിലൂടെ നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ വരുത്തുന്ന കുറവും മണ്ണെണ്ണയുടെ വില വർദ്ധനവും മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പൊതു വിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ സബ്സിഡി നൽകി മത്സ്യഫെഡിലൂടെ വിൽപ്പന നടത്തുന്ന പദ്ധതി നിലവിലുണ്ട്. ഈ ആവശ്യത്തിലേക്കായി നോൺ പ്ലാനായി 2022-23 ബഡ്ജറ്റിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗംപോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (നോൺ PDS) ആയി അനുവദിക്കുന്നില്ല. നടപ്പ് വർഷത്തേക്ക് ആവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തിയിരുന്നുവെങ്കിലും 2022 ഏപ്രിൽ മുതൽ നാളിതുവരെ 7160 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആയത് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു. |
| (ബി) | അയൽ സംസ്ഥാനങ്ങളിലേതിന് സമാനമായി സംസ്ഥാനത്തും സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് മത്സ്യ ബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡ് വഴി വിതരണം ചെയ്തു വരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി (ഡി.ബി.റ്റി മുഖേന) നൽകി വരുന്നുണ്ട്.<br><br>10 HP വരെ - 140 ലിറ്റർ |

| | | | |
|---|---|---|---|
| | | | 10 HP മുതൽ 15 HP വരെ - 150 ലിറ്റർ<br><br>15 HP ക്ക് മുകളിൽ - 190 ലിറ്റർ<br><br>2022-23 സാമ്പത്തിക വർഷം മണ്ണെണ്ണ സബ്സിഡി നൽകുന്നതിനു 45 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും നാളിതുവരെ സബ്സിഡി തുകയായി 18,81,06,770/- രൂപ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>ഒരു ലിറ്റർ മണ്ണെണ്ണ ഇരുപത്തിയഞ്ച് രൂപ നിരക്കിൽ നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (സി) | ഒരു ലിറ്റർ മണ്ണെണ്ണ ഇരുപത്തിയഞ്ച് രൂപ നിരക്കിൽ ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അനുകൂല നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് മത്സ്യ ബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡ് വഴി വിതരണം ചെയ്തു വരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി (ഡി.ബി.റ്റി മുഖേന) നൽകി വരുന്നുണ്ട്.<br><br>10 HP വരെ - 140 ലിറ്റർ<br><br>10 HP മുതൽ 15 HP വരെ - 150 ലിറ്റർ<br><br>15 HP ക്ക് മുകളിൽ - 190 ലിറ്റർ<br><br>2022-23 സാമ്പത്തിക വർഷം മണ്ണെണ്ണ സബ്സിഡി നൽകുന്നതിനു 45 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും നാളിതുവരെ സബ്സിഡി തുകയായി 18,81,06,770/- രൂപ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>ഒരു ലിറ്റർ മണ്ണെണ്ണ ഇരുപത്തിയഞ്ച് രൂപ നിരക്കിൽ നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ഡി) | മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കുമോ? | (ഡി) | മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗംപോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (നോൺ PDS) ആയി അനുവദിക്കുന്നില്ല. 2022 ഏപ്രിൽ മുതൽ നവംബർ വരെ 2160 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുണ്ടായിരുന്നത്. കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തിയതിന്റെ ഫലമായി ഡിസംബർ ആദ്യം 5000 കിലോ ലിറ്റർ സബ്സിഡി രഹിത മണ്ണെണ്ണ കൂടി ലഭ്യമായിട്ടുണ്ട്. 2022 ഏപ്രിൽ മുതൽ നാളിതുവരെ 7160 കിലോ ലിറ്റർ മണ്ണെണ്ണ ലഭ്യമായിട്ടുണ്ട്. ആയത് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| | | | മണ്ണെണ്ണ പ്രതിസന്ധി തരണം ചെയ്യുന്നതിനായി പെട്രോൾ, എൽ.പി.ജി ഇന്ധന എഞ്ചിനുകൾ ഉപയോഗിക്കുന്നതിന് സർക്കാർ പ്രോത്സാഹനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ